Glory to God in the highest...
SADHWARTHA
സദ്വാർത്ത
...and on earth peace

# സദ്വാർത്ത

An official publication of Church of God (Full Gospel) in India, Central West Region

VOL. 26 ISSUE 5 | PUBLISHED FROM MUMBAI | BI-MONTHLY | SEP - OCT 2017

## ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ
# യൂത്ത് ക്യാമ്പ് സമാപിച്ചു



റീജണൽ ഓവർസീയർ പാ. ബെന്നിസൻ മത്തായി പ്രസംഗിക്കുന്നു, പരിഭാഷ പാ. ബ്ലസൻ തോമസ്

**പൂനെ :** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ യൂത്തുക്യാമ്പ് പൂനെയിൽ സമാപിച്ചു. യൂത്ത് ഡിപ്പാർട്ടുമെന്റ് രൂപീകൃതമായതിന് ശേഷം നടന്ന പ്രഥമ യൂത്തുക്യാമ്പായിരുന്നു പൂനെയിൽ സമാപിച്ചത്. സെപ്റ്റംബർ മാസം 28 മുതൽ ഒക്ടോബർ 1-ാം തീയതി വരെയായിരുന്നു സമ്മേളനം. പൂനെ സിറ്റിയിൽ നിന്നും 60 കിലോമീറ്റർ അകലെ കാംഷെഡ് എന്ന സ്ഥലത്ത് പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന മാർ ക്രിസോസ്റ്റം ക്യാമ്പ് സെന്ററിലായിരുന്നു നാലു ദിവസത്തെ സമ്മേളനം ക്രമീകരിച്ചത്. റീജിയന്റെ മിക്കവാറും എല്ലാഭാഗങ്ങളിൽ നിന്നും യുവതീയുവാക്കൾ വളരെ താൽപര്യത്തോടെ എത്തിയിരുന്നു.

ആറ് സ്റ്റേറ്റുകളിൽ വ്യാപിച്ചു കിടക്കുന്ന ബൃഹത്തായ റീജിയണിലെ യുവജനങ്ങളെ ഒരു സ്ഥലത്ത് കൂട്ടിവരുത്തി ക്യാമ്പ് ക്രമീകരിക്കുക ഏറെ ശ്രമകരവും വെല്ലുവിളികൾ നിറഞ്ഞതും ആയിരുന്നു. യൂത്ത് ഡയറക്ടർ പാ. ബെഞ്ചി മാത്യുവിന്റെയും ടീം അംഗങ്ങളുടെയും കഠിനശ്രമവും പ്രാർത്ഥനയും പ്രശംസനീയമാണ്.

Spiritual Selfie : Understand yourself in Christ എന്നതായിരുന്നു ചിന്താവിഷയം. മുഖ്യ അതിഥികളായി പാസ്റ്റർ ബെൻസൻ മത്തായി (റീജണൽ ഓവർസീയർ), ഡോ. സജികുമാർ കെ. പി. (കോട്ടയം), പാസ്റ്റർ ഫിലിപ് സാമുവേൽ (ഭിലായ്), ബ്രദർ സിബി മാത്യു (ബാംഗ്ലൂർ) എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ നയിച്ചു. കൂടാതെ പാസ്റ്റർ മനുചാക്കോ, പാ. ഷിബു വർഗീസ് എന്നിവരും വചനം ശുശ്രൂഷിച്ചു. ബ്രദർ പ്രിൻസ് മുല്ല (മുംബൈ) ആത്മീക ആരാധനയ്ക്ക് നേതൃത്വം നൽകി. വിവാഹിതരായവർക്കുവേണ്ടി ക്രമീകരിച്ച കൗൺസിലിംഗ് സെഷൻ അനുഗ്രഹീതമായിരുന്നു.

28-ാം തീയതി പാസ്റ്റർ ബിജു തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രഥമ സമ്മേളനത്തിൽ യൂത്ത് ഡയറക്ടർ പാ. ബെഞ്ചി മാത്യു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ബെന്നിസൻ മത്തായി (റീജണൽ ഓവർസീയർ) മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് നടന്ന വിവിധ സെഷനുകളിൽ പാസ്റ്റേഴ്സ് സാം ദാനിയേൽ, ജിക്സൺ ജെയിംസ്, റ്റി. ജെ. വിനോദ്, ഷിബു വർഗീസ്, ബിജു എം. ജി., ബിനു. പി. സാമുവേൽ, സാം റ്റി. മാത്യു, ജെയിംസ് ചാണ്ടി, ബാബു തങ്കച്ചൻ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ക്യാമ്പിൽ മെഗാ ബൈബിൾ ക്വിസിന്റെ ഫലപ്രഖ്യാപനവും 10ലും 12ലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പഠനത്തിൽ മികവു കാട്ടി ഒന്നാം സ്ഥാനത്ത് എത്തിയ കുട്ടികൾക്ക് സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡും, ട്രോഫിയും നൽകി ആദരിച്ചു.

ഒക്ടോബർ 1-ാം തീയതി നടന്ന സംയു

» 4

# നവാസയിൽ ആരാധനാലയം സമർപ്പിച്ചു



**പൂനെ :** ദൈവസഭയുടെ നവാസാ ചർച്ചിനുവേണ്ടി പണിത ആരാധനാലയം സമർപ്പിച്ചു. ഒക്ടോബർ മാസം 15-ാം തീയതി റീജനൽ ഓവർസീയർ പാ. ബെന്നിസൻ മത്തായിയാണ് സമർപ്പണ ശുശ്രൂഷ നിർവ്വഹിച്ചത്. ഇവാ. ഡയറക്ടർ പാ. ഇ. പി. സാംകുട്ടി പ്രത്യേക സന്ദേശം നൽകി. സഭാശുശ്രൂഷകൻ പാ. മുകേഷ് കാക്കയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കുലേവാടി, ചന്ദൻനഗർ ചർച്ചിലെ സംഗീതവിഭാഗം ഗാനങ്ങൾ ആലപിച്ചു. പാ. കെ. ജെ. ജോർജിന്റെ പ്രാർത്ഥനയോടെയാണ് ആലയത്തിന്റെ വാതിൽ തുറന്നത്. പാസ്റ്റേഴ്സ് ജോൺ വാഗമാരേ, ഹാരുൺ ലിപ്റ്റേ, വിനോദ് വാഗ്മാരേ, ചന്ദ്രഹാസ് പിള്ള, സന്തോഷ് വാഗ്മാരേ, ബ്ര. പീറ്റേർ കുലേവാടി എന്നിവർ ആശംസ അറിയിച്ചു. സമീപ സ്ഥലത്തിലെ വിശ്വാസികളും കർത്തൃദാസന്മാരും മീറ്റിംഗിൽ സംബന്ധിച്ചു. ഏകദേശം 500 വിശ്വാസികൾ പങ്കെടുത്തു.

പൂനെ സിറ്റിയിൽ നിന്നും 150 കിലോമീറ്റർ അകലെയാണ് നവാസാ സഭ സ്ഥിതി ചെയ്യുന്നത്. നൂറിൽ അധികം വിശ്വാസികൾ ആരാധനയിൽ സംബന്ധിക്കുന്ന ഈ മറാഠി സഭ 10 വർഷത്തിനു മുമ്പാണ് ആരംഭിച്ചത്. മലയാളം സഭകളും റീജനൽ ഓഫീസും കൈകോർത്തപ്പോഴാണ് 5 ലക്ഷം രൂപ മുടക്കുമുതലുള്ള ആലയപ്പണി പൂർത്തീകരിക്കാൻ സാധിച്ചത്. ●

# മിഷൻ ട്രിപ് – 2017



ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ സെൻട്രൽ വെസ്റ്റ് റീജിയൻ വെസ്റ്റേൺ ഡിസ്ട്രിക്കിന്റെയും ഡാളസ് മെട്രോ ചർച്ചിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സെപ്റ്റംബർ 6 മുതൽ 10 വരെ ഗുജറാത്തിന്റെ വിവിധ ഗ്രാമങ്ങളിൽ സുവിശേഷ മീറ്റിംഗുകൾ നടന്നു. ദൈവസഭ വെസ്റ്റേൺ റീജിയൻ ഇവാ. ഡയറക്ടർ പാ. ഇ. പി. സാംകുട്ടി, ഡാളസ് മെട്രോ ചർച്ചിന്റെ സീനിയർ പാ. സതീശ് കുമാർ കുടുംബം, ബ്ര. ജോർജുകുട്ടി കുടുംബം എന്നിവർ പങ്കെടുത്തു. ദൈവസഭയുടെ ഈ പുതിയ കാൽവെപ്പ്, വെസ്റ്റേൺ ഡിസ്ട്രിക്റ്റിന്റെ വളർച്ചയ്ക്ക് കാരണമാകുമെന്നതിൽ സംശയമില്ല. പ്രത്യേകാൽ ദൈവസഭ ഓവർസീയർ പാ. ബെന്നിസൻ മത്തായിക്ക് ദൈവം നൽകിയ ദർശനം അതിവിശാലമാകുവാൻ ദൈവം എല്ലാവരെയും സഹായിക്കട്ടെ. ഈ മിഷ്യൻ പ്രവർത്തനം വെസ്റ്റേൺ ഡിസ്ട്രിക്റ്റിലെ ദൈവസഭകൾക്ക് ഒരു പുതിയ കാഴ്ചപ്പാട് നൽകി. പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കമാകുന്നതിന് കാരണമായി.

# ഏകദിന പാസ്റ്റേഴ്സ് സെമിനാർ



പാപത്തിൽ കഴിയുന്ന ആയിരക്കണക്കിന് ജനത്തെ ദൈവസന്നിധിയിൽ കൊണ്ടുവരുവാൻ കൂട്ടായ പരിശ്രമവും പ്രാർത്ഥനയും ആവശ്യമാണെന്ന് പാ. ഇ. പി. സാംകുട്ടി പ്രസ്താവിച്ചു. ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ സെൻട്രൽ വെസ്റ്റ് റീജിയൻ വെസ്റ്റേൺ ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 9-ാം തീയതി അഹമ്മദാബാദ് അഗാപ്പേ സെന്ററിൽ വച്ച് നടന്ന ഏകദിന പാസ്റ്റേഴ്സ് ഫാമിലി സെമിനാറിന്റെ ഉദ്ഘാടനപ്രസംഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർ സതീഷ് കുമാർ, സിസ്റ്റർ അനിത സതീഷ്, ബ്ര. ജോർജ്ജ് കുട്ടി, എന്നിവർ ദൈവവചനത്തിൽ നിന്ന് സംസാരിച്ചു. ഉച്ചകഴിഞ്ഞ് പാ. തോമസ് കുട്ടിയുടെ അധ്യക്ഷതയിൽ നടന്ന ബിസിനസ് സെഷനിൽ ഇന്ത്യാ ദൈവസഭാ വെസ്റ്റേൺ റീജിയൻ ഇവാ. ഡയറക്ടർ പാ. ഇ. പി. സാംകുട്ടി മുഖ്യ സന്ദേശം നൽകി. പുതുതായി ദൈവസഭയോട് ചേർന്ന ദൈവദാസന്മാരെ പരിചയപ്പെടുത്തി. ദൈവസഭയുടെ നിയമങ്ങളും തുടർന്നുള്ള ഭാവി പരിപാടികളും ചർച്ച ചെയ്തു. ●

# കൺവൻഷൻ സമാപിച്ചു

**സൂറത്ത് :** സൂറത്ത് ദൈവസഭയുടെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച കൺവൻഷൻ അനുഗ്രഹകരമായി നടന്നു. സെപ്റ്റംബർ മാസം 1, 2 തീയതികളിൽ നടന്ന കൺവൻഷനിൽ റീജനൽ ഓവർസീയർ പാ. ബെന്നിസൻ മത്തായി ദൈവവചനം ശുശ്രൂഷിച്ചു. ഇതര പെന്തെക്കോസ്തു സമൂഹത്തിലെ വിശ്വാസികളും കർത്തൃദാസന്മാരും യോഗത്തിൽ സംബന്ധിച്ചു. ദൈവത്തെ പ്രസാദിപ്പിക്കുവാൻ എങ്ങനെ കഴിയും എന്ന സന്ദേശം ജനത്തിന് പുതിയോരു അവബോധം നൽകി അനുഗ്രഹിച്ചു. പരിഭാഷ ബ്ര. സാം മാത്യു (സൂറത്ത്) നിർവ്വഹിച്ചു. ദൈവസഭയുടെ സംഗീതവിഭാഗം മനോഹരങ്ങളായ ഗാനങ്ങൾ ആലപിച്ചു. പാ. തോമസുകുട്ടി സാമുവേൽ ഇവിടെ ശുശ്രൂഷിക്കുന്നു.

SADHWARTHA

**Editorial Board**

**Patron**
Pastor Benison Mathai

**Publication Director**
Pastor K. O. Stephen

**Chief Editor**
Pastor Biju Thankachan

**General Editor**
Pastor P. T. Mathew

**Associate Editors**
Pastor John V. Samuel, Pune
Rev. Raju Thomas, Chandigarh

**Contributing Editors**
Pastor P.C. Cherian
Rev. T. V. George
Rev. Dr. Thomas K. Iype, Dallas
Rev. Jose Mallassery, U.A.E.
Rev. P. P. Kurien, Kerala
Pastor Manu Chacko, Goa
Pastor Sanjay Allwyn, Kanpur
Pastor Shibu Baby, Pune
Sis. Sally Jacob, Mumbai
Sis. Mini Babu, Abu Dhabi

****

**Co-ordinators**
Rev. C. V. Andrews, Atlanta
Rev. Johnson Zacharia, Dallas
Rev. Joe Kurian, London
Rev. Moni Mathew, New York
Bro. Koshy M. Varghese, New York
Bro. John Vadakkot, New York
Bro. K. K. Koshy, Pune
Bro. P. D. Thomas, Kerala
Rev. Rajan K. Samuel, KSA

****

**Representatives**
Bro. Thomas A. Mathai, Oman
Bro. C. P. Varghese, Kerala
Bro. D. G. Martin, Mumbai
Bro. P. G. Thomas Bhopal
Bro. Shaji P. John, Delhi

****

**District Co-ordinators**
Pr. Binu Varghese, Delhi
Pr. Sabu Thomas, Lucknow
Pr. Philip K. Philip, Indore
Pr. Shinju Thomas, Pune
Pr. Lijish P. Thomas, Delhi
Pr. P. J. John, Bellarsha
Pr. Harun Lipte, Ahmednagar
Pr. Sam Samuel, Satna
Pr. Ajimon K. Eapen, Mumbai
Pr. Joppachan, Hyderabad
Br. Johnson, Gujarat
Pr. Chandrasekhar Salunke, Pune
Pr. John K. George, Mumbai

വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, കഥകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**Chief Editor**
Sadhwartha Publications
P.O. Box No. 7213, Chembur,
Mumbai 400071. Tel: 25251834
Mob.: 7738452125,
7276004003
email :sadhwartha@gmail.com

## എഡിറ്റോറിയൽ.........

# മറ്റുള്ളവരുടെ കുറവുകളോടു അസഹിഷ്ണുത പുലർത്തരുത്

അറിവിന്റെ ആഴക്കടലിലെ നിഗൂഢതളെ ഇനിയും മനുഷ്യൻ തിരിച്ചറിഞ്ഞിട്ടില്ല എന്നിരിക്കെ എല്ലാം തികഞ്ഞു എന്നു നിരൂപിക്കുന്നവർ എനിക്കു ഒന്നും സംഭവിക്കില്ല എന്ന ഭാവേന അലകൾക്കിടയിൽ കിടന്നു ആടി ഉലയുന്ന തടിക്കഷണം പോലെയാണ്. എല്ലാം തികഞ്ഞു എന്നു ഭാവിക്കുമ്പോഴും അങ്ങനെയുള്ളവരിൽ അറിവിന്റെയും നിറവിന്റെയും കാര്യത്തിൽ തികച്ചും ശൂന്യത മാത്രമായിരിക്കും ഉണ്ടാവുക. എന്തെങ്കിലുമൊക്കെ കുറവുകൾ ഇല്ലാത്തവർ ഭൂമിയിൽ വിരളം. തന്റെ മകൾ രുഗ്മിണിക്കു വേണ്ടി ഒരു കുറവും ഇല്ലാത്ത വരനെ കണ്ടു പിടിക്കുവാൻ രാജാവായ ഭീഷ്മകൻ കൽപന പുറപ്പെടുവിച്ചതായി പുരാണത്തിൽ ഒരു കഥയുണ്ട്. ലക്ഷം പേരിൽ ലക്ഷണമൊത്തവൻ വിരളമായിരിക്കും എന്ന് രുഗ്മിണിയുടെ സഹോദരൻ രുക്മി ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. തനി തങ്കം കൊണ്ട് ആഭരണം ഉണ്ടാക്കുക അസാധ്യം. അതിൽ അൽപം ചെമ്പ് ചേർക്കേണ്ടതായിട്ടുണ്ട്. ഊനമില്ലാത്ത കുഞ്ഞാട് ക്രിസ്തു മാത്രമാണ്. ഇവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നുള്ള വിധി പ്രഖ്യാപനവും ക്രിസ്തുവിനെക്കുറിച്ച് മാത്രം ഉള്ളതാണ്.

അന്യനെ പഴിക്കുന്നതിനുള്ള വ്യഗ്രത സ്വന്തം കുറവുകളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. കണ്ണിൽ കോലിരിക്കെ സഹോദരന്റെ കണ്ണിലെ കരടിനെക്കുറിച്ച് വ്യഗ്രത കാട്ടുന്നവനെക്കുറിച്ച് കർത്താവ് പറഞ്ഞിട്ടുണ്ട്. എല്ലാം തികഞ്ഞു എന്നുള്ള ഭാവം മൗഢ്യ വിചാരമാണ്. സ്വന്തം ഭൃത്യന്മാരെ വെറും മണ്ടന്മാരെന്ന് ആക്ഷേപിക്കുന്ന യജമാനന്മാർ ഉണ്ട്. ഒരു കഥ ഇപ്രകാരം : പുതിയതായി നിയമിച്ച ജോലിക്കാരന് ദിവസവും ചെയ്യേണ്ട ജോലികളിൽ ഒരു ദിവസത്തെ ജോലി മുടങ്ങിപ്പോയി. പറഞ്ഞ ജോലികൾ ചെയ്തില്ലെങ്കിൽ ജോലി നഷ്ടപ്പെടുമെന്ന് ഓർക്കാത്ത മണ്ടൻ ജോലിക്കാരൻ. തലേരാത്രി മുഴുവൻ മഴയായിരുന്നു സാർ എന്ന ന്യായം യജമാനന് സ്വീകാര്യമല്ലായിരുന്നു. അതിനല്ലേടാ മണ്ടാ ഇവിടെ കുട വാങ്ങി വച്ചിരിക്കുന്നത്. കുട പിടിച്ചുകൊണ്ട് ചെടിക്കു വെള്ളം ഒഴിക്കാമായിരുന്നില്ലേ എന്നായിരുന്നു യജമാനന്റെ ഭാഷ്യം. യജമാനന്റെ മുമ്പിൽ അവൻ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ കുറ്റക്കാരൻ. ജോലിക്കാരനാവട്ടെ ചെയ്യുന്ന ജോലിയുടെ പ്രായോഗികയെ പരിഗണിക്കുന്നവൻ. ഇവിടെ മരമണ്ടൻ ആരാണെന്ന് വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ.

പെൻസിൽ കമ്പനിക്കാരുടെ ബുദ്ധി നാം അറിയേണ്ടതുണ്ട് തെറ്റു വരുത്താത്തവരില്ല എന്നവർക്ക് അറിയാം. അതുകൊണ്ടാണ് അവർ പെൻസിലിന്റെ ചുവട്ടിൽ റബ്ബർ കട്ട വച്ചു പിടിപ്പിച്ചിരിക്കുന്നത്. തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന പാപം പോക്കി എന്നെ ശുദ്ധീകരിക്കേണമേ എന്നുള്ള പ്രാർത്ഥനയുടെ അർത്ഥം ഇനിയും നാം മനസ്സിലാക്കേണം. മുഖത്ത് കറുത്ത പാടുള്ളത് ചന്ദ്രന്റെ അഴക് വർദ്ധിപ്പിക്കുമെന്ന് കാളിദാസന്റെ കവിതയിൽ പറഞ്ഞിട്ടുണ്ട്. വലിയവനാകാൻ ഇച്ഛിക്കുന്നവന് ദാസ്യഭാവം വേണമെന്ന് കർത്താവും പറഞ്ഞിരിക്കുന്നു. നന്നായി പാടുന്ന പക്ഷികൾ മാത്രമാണ് പാടുന്നതെങ്കിൽ കാടിന്റെ ശബ്ദം നിലച്ചു പോകും എന്നുള്ള സത്യം ഒരിക്കലും വിസ്മരിച്ചുകൂടാ. പരിപൂർണ്ണതയിലേക്കുള്ള എത്തിനോട്ടം പോരായ്മകളുടെ മനോഭാവത്തിൽ



പാ. കെ. ഒ. സ്റ്റീഫൻ
(പബ്ലിക്കേഷൻ ഡയറക്ടർ)
9967988939
prstephenko@yahoo.co.in

നിന്നുമാണ് ഉണ്ടാകുന്നത്. അതിനെ കൈകൊണ്ട് പിടിക്കുവാൻ ശ്രമിക്കുന്തോറും അത് അകന്നു പൊയ്ക്കൊണ്ടിരിക്കും. ഒരു കുറവും ഇല്ലാത്ത പാറക്കഷണത്തേക്കാൾ ചെറിയ പോറലുള്ള രത്നങ്ങളാണ് ഏറെ മെച്ചം എന്ന് ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്. ബലഹീനതയിലാണ് ശക്തിയുടെ തികവ് വെളിപ്പെട്ടു വരുന്നതെന്ന് പൗലോസ് ശ്ലീഹായും പറഞ്ഞിരിക്കുന്നു. തന്നിലെ കുഷ്ഠത്തിന്റെ മാലിന്യത്തെക്കാൾ യോർദ്ദാനിലെ വെള്ളത്തിന്റെ മലിനതയെ കാര്യമാക്കുന്ന നയമാനെക്കുറിച്ചു വിശുദ്ധ ബൈബിളിൽ പ്രതിബാധിച്ചിരിക്കുന്നു. നയമാന്റെ ബാഹ്യമായ ബോധ്യങ്ങളെക്കാൾ സത്യത്തിന്റെ സാമീപ്യം അടുക്കൽ ഉണ്ടെന്ന് സമ്മതിക്കുവാൻ തയ്യാറായത്

>> 4

*From Regional Overseer....*

# Let Your Light Shine



Pastor Benison Mathai

We live in a world full of darkness where its works increase day by day. The words of Jesus "Let your light shine" (Matt. 5:16) is very much significant in this generation than any other era in the history of humankind. The biblical teachings on light give us an identity and responsibility.

God the light: "This is the message we have heard from him and declare to you: God is light; in him, there is no darkness at all" The phrase shows the absolute perfection of God. (1 John 1:5). James 1:17 declares God as 'the father of lights'.

Jesus the true light of the world: Jesus said, "I am the light of the world; he who follows me shall not walk in the darkness, but shall have the light of life." (John. 8:12). The true light, which gives light to everyone, was coming into the world (John 1:9). No claim so far on earth as Jesus did. All others testified them to be signboards towards light, but only Jesus declared himself as the Light.

The Children of Light. God has set his people, His behalf on this earth. Jesus said, "You are the light of the world. A city set on a hill cannot be hidden" (Matt. 5:14). As the sun is the source of light and the moon reflects light from the sun to the earth, we are supposed to reflect the light from the Lord. Our former experience was of darkness. We reflected the works of darkness in our nature and actions. "For you were once darkness, but now you are light in the Lord. Live as children of light (for the fruit of the light consists in all goodness, righteousness and truth) and find out what pleases the Lord. Have nothing to do with the fruitless deeds of darkness, but rather expose them". (Eph. 5:8-11). However, God has transformed our position and us. "But ye are a chosen generation, a royal priesthood, an holy nation, a peculiar people; that ye should shew forth the praises of him who hath called you out of darkness into his marvelous light"( 1 Peter 2:9).

More than what we say, our deeds reveal our identity. The Bible says 'A tree is known by its fruits'. The Lord is expecting us to reflect his nature as the Children of light. The world is in need of our Christ likeness manifested through our good deeds, which are the fruits of light. As Paul, the apostle exhorts in Philippians 2:15, let us shine like stars in this wicked and crooked generation, keeping the word of truth. Let our good works speak louder than our words. As someone said, let us preach the gospel, but seldom use words. ■

ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ
ജനറൽ കൺവൻഷൻ മുംബൈയിൽ
2018 ഫെബ്രുവരി 1 മുതൽ 4 വരെ
പ്രാർത്ഥിപ്പിൻ

# പാസ്റ്റർ വി. റ്റി. ഏബ്രഹാം - ആ ദീപം പൊലിഞ്ഞു

***ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയനിലെ സീനിയർ ശുശ്രൂഷകനും ഗുജറാത്ത് വെസ്റ്റേൺ ഡിസ്ട്രിക്റ്റ് പാസ്റ്ററും ആയിരുന്ന വി. റ്റി. ഏബ്രഹാം നിത്യതയിൽ പ്രവേശിച്ചു. കഴിഞ്ഞ 32 വർഷത്തെ തന്റെ സേവനം ദൈവസഭയ്ക്ക് അത്യധികം മുതൽക്കൂട്ടും മാതൃകയും അഭിമാനവും ആയിരുന്നു. മുള്ളും മുരടും നിറഞ്ഞ കഠിന വഴിയിൽ സഹനത്തിന്റെ ഭവ്യഭാവത്തോടെ സുവിശേഷത്തിന്റെ ദീപശിഖ അണയാതെ സൂക്ഷിച്ച കർമ്മയോഗിയുടെ ജീവിതവും സമർപ്പണവും സഹപ്രവർത്തകർക്ക് ചൈതന്യവും ഉത്തേജനവുമാണ്.***

**ഇരുളിലും** അന്ധതമസിലും ഇരിക്കുന്നവർക്ക് പ്രകാശിക്കുന്ന സുവിശേഷം വൈക്കത്തേത് തോമസ് ഏബ്രഹാമിനെ സമൂല പരിവർത്തനത്തിലേക്ക് നയിച്ചത് കൂട്ടുപുഴ, ഇരുട്ടി വനപ്രദേശങ്ങളിൽ ചില്ലറ കോളിളക്കമല്ല സൃഷ്ടിച്ചത്. പാരമ്പര്യത്തിന്റെ കൊടുമുടിയിൽ പള്ളിയാരാധനയുടെ നെറുകയിൽ നിന്നാണ് സുവിശേഷത്തിന്റെ മധുരം നുണഞ്ഞറിഞ്ഞ വി. റ്റി. ഏബ്രഹാം യേശുവിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചത്. പെന്തെക്കോസ്ത് വിശ്വാസത്തിന് തീരെ പ്രചാരം ഇല്ലാത്ത ആ കാലങ്ങളിൽ നിന്ദയും പരിഹാസവും ഒറ്റപ്പെടുത്തലും കുടുംബത്തിൽ നിന്നും സ്വദേശത്തുനിന്നും ഏറെ സഹിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും സമൂല പരിവർത്തനത്തിന്റെ ആൾരൂപമായി ദൈവം തന്നെ മാറ്റിയതു കൊണ്ടാണ് കെട്ടുറപ്പുള്ള കുടുംബവും തീവ്രമായ പള്ളിയാരാധനയുടെ ചട്ടക്കൂട്ടിൽ നിന്നും പുറത്തുവരുവാൻ കഴിഞ്ഞത്. വൈക്കത്തേത് ഡാനിയേൽ തോമസിന്റെയും ലുദിയാമ്മ തോമസിന്റെയും ആറുമക്കളിൽ നാലാമനെ ദൈവം തന്റെ ഹിതത്തിനായി വേർതിരിച്ചത് അത്ഭുത വഴികളിലൂടെയാണ്. എന്റെ പിന്നാലെ വരുവീൻ എന്നുള്ള കർത്താവിന്റെ വിളി കേട്ടിറങ്ങണമെങ്കിൽ സഹനത്തിന്റെ സമർപ്പണവും ശിഷ്യത്വത്തിന്റെ മനസും ഉള്ളവർക്കേ കഴികയുള്ളൂ.

സുവിശേഷത്തിന്റെ വയൽ ഉഴുതു മറിക്കുവാൻ ഉത്തര ഭാരതത്തിലേക്കാണ് ദൈവം തന്നെ വേർതിരിച്ചതെന്ന ബോധ്യം ഉണ്ടായപ്പോൾ പിന്നെ ഒന്നും ആലോചിക്കേണ്ടി വന്നില്ല. കർണ്ണാടക സ്റ്റേറ്റിനെ ആവോളം തൊട്ടനുഗ്രഹിച്ചുകൊണ്ട് ആകാശം മുട്ടെ തലയുയർത്തി നിൽക്കുന്ന മലമടക്കുകളുടെ അടിവാരത്തിൽ കണ്ണൂർ ജില്ലയിൽ ഇരുട്ടി ടൌൺഷിപ്പിൽ നിന്നും ഏകദേശം 20 കിലോമീറ്റർ ഉള്ളിൽ കാർഷികവിളയുടെ തറവാടായ കൂട്ടുപ്പുഴ എന്ന കൊച്ചുഗ്രാമത്തിൽ ഒരു സാധാരണ കർഷകന്റെ മകനായ പാസ്റ്റർ വി. റ്റി. ഏബ്രഹാം സുവിശേഷത്തിന് ഒട്ടും വളക്കൂറില്ലാത്ത ഉത്തര ഭാരതത്തിലേക്കാണ് വണ്ടി കയറിയത്. എല്ലാം വിട്ടിറങ്ങിയ അദ്ദേഹം ഒഡീഷയിൽ സുന്ദർഗഡ് എന്ന സ്ഥലത്ത് പാസ്റ്റർ പി. എസ്. ശാമുവേലുമായി ബന്ധപ്പെട്ട 1980 മുതൽ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. അതേ കാലഘട്ടങ്ങളിൽ പാസ്റ്റർ എ. മത്തായി ബക്കോറാ സഭയുടെ ശുശ്രൂഷകനായി പ്രവർത്തിക്കുമ്പോൾ ഇദ്ദേഹത്തെ കാണുകയും ആ പരിചയം ദൈവസഭയുമായി ബന്ധം സ്ഥാപിക്കുന്നതിന് വഴി തെളിയുകയും ചെയ്തു. അങ്ങനെ 1985 മുതൽ ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയണിലെ അംഗീകൃത ശുശ്രൂഷകനായി മാറി.

വിവിധ ഭാഷക്കാരും സംസ്കാരവും ഗോത്രവർഗ്ഗങ്ങളും ആചാരാനുഷ്ഠാനങ്ങളും ജാതിപ്പോരുകളും ഉച്ചനീചത്വങ്ങളും കൊണ്ട് തമ്മിലടിച്ചു നിരന്തരം കലഹിക്കുന്ന ജനത്തിന്റെ ഇടയിൽ സമാധാനത്തിന്റെ സന്ദേശവും സുവിശേഷത്തിന്റെ മധുരവും പങ്കുവെയ്ക്കുവാൻ അദ്ദേഹം സഹിച്ചിട്ടുള്ളതിന് കണക്കില്ല. സാക്ഷരതയും സാമൂഹിക നീതിവ്യവസ്ഥയും തെല്ലും തൊട്ടു തീണ്ടിയിട്ടില്ലാത്ത ഉത്തർ പ്രദേശ്, ഒഡീഷ, മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സ്റ്റേറ്റുകളിലാണ് അദ്ദേഹത്തിന് പ്രവർത്തിക്കുവാൻ നിയോഗം ലഭിച്ചത്. ദൈവസഭയിൽ നീണ്ട 32 വർഷത്തെ സേവനത്തിൽ ആഗ്ര, കാൺപൂർ, റൂർക്കല, ജബൽപൂർ, ഝാൻസി, സത്തന, ശ്രീഗംഗാനഗർ, ഇൻഡോർ, ഗാന്ധിദാം എന്നീ സ്ഥലം സഭകളിൽ സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ച വച്ചത്. സാമ്പത്തിക നേട്ടങ്ങൾ ലക്ഷ്യമാക്കിയിരുന്നെങ്കിൽ ഈ പ്രദേശങ്ങൾ വിട്ട് ഓടിപ്പോകുമായിരുന്നു. പട്ടിണിയും പൈതാകവും നിന്ദയും അപമാനവും അദ്ദേഹത്തെ പ്രേക്ഷിതവൃത്തിയിൽ തളർത്തിയില്ല. ത്യാഗോജ്ജ്വലമായ സമർപ്പണവും കരുത്തുറ്റ പ്രാർത്ഥനയും അദ്ദേഹത്തെ സമൂഹത്തിൽ നിന്നും വ്യത്യസ്ഥനാക്കി.



റീജനൽ കൗൺസിൽ മെമ്പറായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഗുജറാത്തിൽ ഗാന്ധിദാം കേന്ദ്രമാക്കിയുള്ള വെസ്റ്റേൺ ഡിസ്ട്രിക്റ്റിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരികയായിരുന്നു. സൗമ്യതയുടെ പര്യായമായ അദ്ദേഹം പിറുപിറുപ്പും പരിഭവവും ഇല്ലാതെ, ആവശ്യങ്ങൾ ആരോടും പറയാതെ, സഹനവും സാഹോദര്യ സ്നേഹവും മൂല്യാധിഷ്ഠിത ധർമ്മബോധവും മുഖമുദ്രയാക്കിയ ആ കർമ്മയോഗി പോർക്കളത്തിൽ വച്ചു തന്നെ വീരമൃത്യു പ്രാപിച്ചു. സഭാതലത്തിൽ നിന്നുപോലും നിന്ദയുടെ വറചട്ടി വച്ചുനീട്ടിയവർക്കു ചിലമ്പാത്ത മൃദുല സ്നേഹം പകരം നൽകിയ മഹിമയുടെ ആൾരൂപമായിരുന്നു അദ്ദേഹം.

ഗുജറാത്തിൽ ഗാന്ധിധാമിൽ പ്രേക്ഷിതവൃത്തി ആരംഭിച്ചതിന്റെ നാലാം കൊല്ലം, കൃത്യമായി പറഞ്ഞാൽ ഓഗസ്റ്റ് മാസം 16-ാം തീയതി രാവിലെ 9.10 ന് ആ പ്രോജ്വല ദീപം കെട്ടണഞ്ഞു. അതിന് ഒരു മാസം മുതൽ താൻ അറിയാതെ അതിനുള്ള ഒരുക്കങ്ങൾ നടത്തിയിരുന്നു. നാട്ടിൽ വന്ന് വീട്ടുകാര്യങ്ങൾ എല്ലാം ക്രമപ്പെടുത്തി എല്ലാവരോടും യാത്ര പറഞ്ഞ് ബാംഗ്ലൂരിൽ എത്തി മകനോടൊപ്പം ഒരാഴ്ച താമസിച്ചു കൊച്ചുമകന്റെ സമർപ്പണ ശുശ്രൂഷയിലും സംബന്ധിച്ചിട്ടാണ് അദ്ദേഹം തന്റെ കർമ്മഭൂമിയിൽ മടങ്ങിയെത്തിയത്. ഒടുവിലായി ആത്മപ്രചോദിതമായ സന്ദേശം അദ്ദേഹം സഭയ്ക്ക് നൽകി. വെള്ളിയാഴ്ച ദിവസം 'ഞാൻ നിനക്ക് എന്തു ചെയ്ത തരണം' എന്ന ചോദ്യത്തിന് നാം മറുപടി പറയേണ്ടവരാണെന്നും ഈ ആയുസിൽ അവസരങ്ങൾ ഒട്ടും പാഴാക്കാതെ ദൈവത്തിൽ നിന്നും ചോദിച്ചു വാങ്ങിക്കേണ്ടന്നവ വാങ്ങിച്ചു കൊള്ളണമെന്നും അദ്ദേഹം സഭയോടു പറഞ്ഞു പ്രബോധിപ്പിച്ചു. 13-ാം തീയതി ഞായറാഴ്ച 19-ാം സങ്കീർത്തനത്തിൽ നിന്നും ആകാശവും ഭൂമിയും സൃഷ്ടിജാലങ്ങൾ എല്ലാം തന്നെ ദൈവമഹത്വത്തിന്റെ സാക്ഷ്യം വഹിക്കുന്നുവെന്നും ഭൂമി മനുഷ്യന് പാർപ്പിനായി നൽകിയത് തിന്നുകുടിച്ച് ആയുസ് പാഴാക്കാനല്ലെന്നും നമ്മിലൂടെ ദൈവനാമം മഹിമപ്പെടുവാൻ സമർപ്പിക്കണമെന്നും അദ്ദേഹം ജനത്തെ ഉൽബോധിപ്പിച്ചും കൊണ്ട് തന്റെ ശുശ്രൂഷ തികച്ചു. ഇത്രയൊക്കെ താൽപര്യത്തോടെ നീ എനിക്കുവേണ്ടി കഴിഞ്ഞ 32 വർഷം ചെയ്തുവല്ലോ ഞാൻ നിനക്കു വേണ്ടി എന്താണ് ചെയ്യേണ്ടത് എന്ന ചോദ്യം തന്നോടും കൂടെ ഉള്ളതായിരുന്നു എന്ന് അദ്ദേഹം അറിഞ്ഞിരിക്കണം. അതുകൊണ്ടാണ് ആർക്കും ഭാരം ആകാതെ ശുശ്രൂഷയിൽ ഇരിക്കുമ്പോൾ തന്നെ ദൈവസന്നിധിയിലേക്ക് പോകണം എന്ന് ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തത് - സഹധർമ്മിണി ഓർക്കുന്നു.

ആ പ്രാർത്ഥന സ്വർഗ്ഗം അംഗീകരിച്ചു. എനിക്ക് ഏറ്റം പ്രിയദാസനേ, മതി വന്നു വിശ്രമിച്ചു കൊള്ളുക എന്നുള്ള ദൈവീക വിളി കേട്ടയുടനെ വാനഗോളങ്ങൾക്കപ്പുറത്തേക്ക് നിത്യവിശ്രമത്തിനായി അദ്ദേഹം പറന്നുപോയി. അടുത്ത ദിവസം കേരളത്തിൽ എത്തിച്ച തന്റെ ഭൗമശരീരം 18-ാം തീയതി രാവിലെ ഭവനത്തിലും തുടർന്ന് സെമിത്തേരിയിലും നടന്ന ശുശ്രൂഷയിൽ നൂറു കണക്കിന് സഭാവിശ്വാസികളും കർത്തൃദാസന്മാരും പ്രദേശ വാസികളും പങ്കുചേർന്നു. ഗാന്ധിധാം സഭയിൽ നിന്നും ബ്രദർ വി.ജി. മാത്തുക്കുട്ടിയും കുടുംബവും ബ്രദർ കെ. സി. തോമസും കുടുംബവും തങ്ങളുടെ പാസ്റ്ററിന്റെ ഭൗമശരീരത്തോടൊപ്പം കേരളത്തിൽ എത്തിയിരുന്നു. റീജനൽ ഓവർസീയറുടെ നിർദ്ദേശാനുസരണം പാസ്റ്റർ പി. സി. ചെറിയാൻ, പാ. ഫിലിപ്പ് കെ. ഫിലിപ്പ്, പാ. കെ. ഒ. സ്റ്റീഫൻ എന്നിവർ ചടങ്ങുകളിൽ സംബന്ധിച്ചു. ദൈസഭാ ഇരുട്ടി ഡിസ്ട്രിക്റ്റ് പാ. എം. കെ. കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ച സംസ്കാര ചടങ്ങിൽ ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയന്റെ ചുമതലയിൽ എല്ലാ ഔദ്യോഗിക ബഹുമതികളോടും കൂടി അടക്കം ചെയ്തു. കാഹളം ധ്വനിക്കുമ്പോൾ പുനരുത്ഥാന ശരീരത്തോടെ ഉയിർത്തെഴുന്നേറ്റു വരുന്ന കർത്താവിന്റെ ദാസനെ നേരിൽ കാണാം എന്ന പ്രത്യാശയോടെ ജനം മടങ്ങി.

കോഴിക്കോട് കോടഞ്ചേരി ആലയ്ക്കൽ കുടുംബാംഗമായ സാലി ഏബ്രഹാമാണ് ഭാര്യ. 1982 ജൂലൈ മാസം 22 നായിരുന്നു വിവാഹം. ദാമ്പത്യ ജീവിതത്തിന്റെ നാലു പതിറ്റാണ്ടുകൾ ഉയർച്ച താഴ്ചകളിലും മാനാപമാനങ്ങളിലും സുഖദുഃഖ സമ്മിശ്രമായ എല്ലാ അനുഭവങ്ങളിലും ശുശ്രൂഷയ്ക്ക് പിൻബലമായി നിന്നു പ്രവർത്തിച്ച കർത്തൃദാസിയെ ദൈവം തന്റെ ശക്തിയാലും ബലത്താലും നിറച്ച് അനുഗ്രഹിക്കട്ടെ.

മക്കൾ : ഫേബ, തോംസൺ, മരുമക്കൾ : ബെൻസൻ ജോർജ്, ജിൻസി എബ്രഹാം, കൊച്ചുമക്കൾ : ഡാനിയേൽ, ജെറമ്യാ. - *തയ്യാറാക്കിയത് പാസ്റ്റർ കെ. ഒ. സ്റ്റീഫൻ.*

## അവാർഡ് ജേതാക്കൾ



Albert Simon Philip



Nissi Babu Thankachan

ഇക്കഴിഞ്ഞ വർഷത്തെ പരീക്ഷയിൽ 10ലും 12 ലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിച്ചവർക്കായി റീജിയണൽ യൂത്ത് ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തിയ അവാർഡിന് ആൽബർട്ട് ഫിലിപ്പ് സൈമണും, നിസ്സി ബാബു തങ്കച്ചനും അർഹരായി.

തേർഗാവ്, പൂനെ ദൈവസഭയുടെ ശുശ്രൂഷകൻ പാ. ബാബു തങ്കച്ചന്റെയും സി. മിനി ബാബുവിന്റെയും മകൾ നിസ്സി ബാബു തങ്കച്ചൻ 95% മാർക്ക് വാങ്ങി 10-ാം ക്ലാസിൽ ഉന്നതവിജയം നേടി. ഭോപ്പാൽ സഭാംഗമായ ബ്ര. ഫിലിപ്പ് സൈമണിന്റെയും സി. മോളി എസ്. ഫിലിപ്പിന്റെയും മകനായ ആൽബർട്ട് സൈമൺ ഫിലിപ്പ് 94.2% മാർക്ക് വാങ്ങി 12-ാം ക്ലാസിൽ ഉന്നതവിജയം നേടിയ ഇവർക്ക് അവാർഡുകൾ യൂത്ത് ക്യാമ്പിൽ വിതരണം ചെയ്തു.

## സംയുക്ത ആരാധന

ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ സെൻട്രൽ വെസ്റ്റ് റീജിയൻ വെസ്റ്റേൺ ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 10-ാം തീയതി സംയുക്ത ആരാധന അഹമ്മദാബാദ് സിറ്റി ചർച്ചിൽ വെച്ച് നടന്നു. ഡിസ്ട്രിക്റ്റിന്റെ വിവിധ സഭകളിൽ നിന്ന് 150-ൽ പരം വിശ്വാസികൾ പങ്കെടുത്തു. പാസ്റ്റർ സുജിമോൻ പ്രാർത്ഥിച്ച് ആരംഭിച്ച ആരാധന പാസ്റ്റർ തോമസ് കുട്ടി ശാമുവേൽ ലീഡ് ചെയ്തു. പാസ്റ്റർ ഷിബു മാത്യു ആരാധനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ഷിബു മാത്യു കടന്നുവന്നു അതിഥികളെ പൊന്നാടയണിയിച്ച് സ്വീകരിച്ചു. പാസ്റ്റർ സതീഷ് കുമാർ മുഖ്യ സന്ദേശം നൽകി. ഈ മീറ്റിംഗ് ദൈവജനത്തിന് ഒരു പുതിയ ഉത്തേജനം നൽകി. തുടർന്നും കാണാം എന്നുള്ള പ്രത്യാശയോടെ പാസ്റ്റർ മനശ്ശെ പ്രാർത്ഥിച്ച് ആശീർവാദത്തോടെ അവസാനിച്ചു.

# വയലുകളിലൂടെ ....



പാസ്റ്റർ ഈ. പി. സാംകുട്ടി
(ഇവാഞ്ചലിസം ഡയറക്ടർ)
M : 088060 98650
Email : epskutty@gmail.com

**എന്റെ** ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചു പോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നും പിടിച്ചുപറിക്കയും ഇല്ല എന്നരുളിചെയ്ത യേശുക്രിസ്തുവിൻ നാമത്തിൽ സ്നേഹവന്ദനം !

ദൈവസഭയുടെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു എന്നത് സന്തോഷത്തോടെ അറിയിക്കട്ടെ. അനേക പുതിയ പ്രവർത്തനങ്ങൾ കഴിഞ്ഞ മാസങ്ങൾ ദൈവസഭയ്ക്കുണ്ടായി. ആ സ്ഥലങ്ങൾ സന്ദർശിക്കുവാനും അവിടെയുള്ള ദൈവജനത്തോടൊപ്പം കൂട്ടായ്മ ആചരിപ്പാനും ദൈവം അവസരങ്ങൾ നൽകി.

ന്യൂയോർക്കിലുള്ള ക്വീൻസ് ചർച്ച് ഓഫ് ഗോഡ് മിഷൻ ഡയറട്ടർ ഇവാ. കെ. കെ. പോളിനോടൊപ്പം പുനയിലുള്ള ഹിന്ദി പ്രവർത്തനങ്ങൾ സന്ദർശിക്കുവാൻ കഴിഞ്ഞത് ഒരു വേറിട്ട അനുഭവമായിരുന്നു. പാ. ബി. വൈ. പണ്ഡിറ്റ് പ്രവർത്തിക്കുന്ന ഫാൽട്ടൺ, പാ. ചന്ദ്രശേഖർ പ്രവർത്തിക്കുന്ന ചിക്‌ലി - പൂനെ, പാ. ബേദ്രി പ്രസാദ് - ഷിരൂർ, പാ. ഷിജു കെ. ഡാനിയേൽ - ബോപ്കൽ, പാ. വിശ്വാസ്റ്റി. പരീട്കർ - ദൻകേവാഡി, പാ. കെ. ജെ. ജോർജ് - ഖുലേവാടി എന്നിവിടങ്ങളിൽ സുവിശേഷ യോഗങ്ങൾ നടത്തുവാൻ ദൈവം അവസരം നൽകി. ഈ മീറ്റിംഗുകളിൽ ഇവാ. കെ. കെ. പോൾ, പാ. ഇ. പി. സാംകുട്ടി എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. പ്രസ്തുത, മീറ്റിംഗുകൾ പൂനെയിലുള്ള ഹിന്ദി, മറാഠി പ്രവർത്തനങ്ങൾക്ക് അനുഗ്രഹവും പ്രോത്സാഹനവുമായി. ഇവിടെയുള്ള പ്രവർത്തനങ്ങൾക്കായി ദൈവജനം പ്രാർത്ഥിക്കുമല്ലോ.

ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ''സുവാർത്താ മഹോത്സവ്'' സുവിശേഷയോഗങ്ങൾ യു.പിയിലെ ഗാട്ടംപൂർ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. ഗ്രാമത്തിൽ നടത്തുവാനാഗ്രഹിച്ചിരുന്ന മീറ്റിംഗുകൾ ഇപ്പോഴത്തെ യുപി രാഷ്ട്രീയ പശ്ചാത്തലത്തിൽ ചർച്ച് ഹാളിലേക്ക് മാറ്റുകയായിരുന്നു. വിശ്വാസികളും ഗ്രാമവാസികളുമടക്കം നൂറുകണക്കിനാളുകൾക്ക് സുവിശേഷം കേൾക്കുവാൻ അവസരം ഉണ്ടായി. ഇവാ. ഡയറക്ടർ പാ. ഇ. പി. സാംകുട്ടി, പാ. ജോൺ ജോർജ് - മുംബൈ എന്നിവർ ദൈവവചനം സംസാരിച്ചു. പാസ്റ്റേഴ്സ് പ്രകാശ് സോണാരേ, സഞ്ജയ് ആൽവിൻ, രാജു ആൽവിൻ, കമ്‌ലേഷ് മസി എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ഗാട്ടംപൂർ ചർച്ച് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. കടന്നുവന്ന ജനം ആത്മാവിൽ വിടുതലും ശരീരത്തിൽ സൗഖ്യവും പ്രാപിച്ച് കർത്താവിങ്കലേക്ക് തിരിയുവാൻ പ്രസ്തുത മീറ്റിംഗുകൾ മുഖാന്തിരം ഇടയായി. തുടർന്നും ഈ നിലയിൽ ഗ്രാമങ്ങളിൽ ജനം കർത്താവിനെ അറിയുവാൻ ഇടയാകേണ്ടതിന് സുവിശേഷ യോഗങ്ങൾ ക്രമീകരിക്കുവാനാഗ്രഹിക്കുന്നു. അനുകൂല സാഹചര്യങ്ങൾ ഉണ്ടാകേണ്ടതിനും സാമ്പത്തിക വഴികൾ തുറക്കപ്പെടേണ്ടതിനും ദൈവജനം പ്രാർത്ഥിക്കുമല്ലോ.

മദ്ധ്യപ്രദേശിൽ വിന്ധ്യാ പർവ്വതനിരകളോട് ചേർന്നു കിടക്കുന്നതും സമുദ്രനിരപ്പിൽ നിന്നും 1758 അടി ഉയരത്തിൽ തലസ്ഥാനമായ ഭോപ്പാലിൽ നിന്നും 180 കി. മീറ്റർ വടക്ക് കിഴക്കായി സ്ഥിതി ചെയ്യുന്ന മനോഹരമായ ഭൂപ്രദേശമാണ് സാഗർ ജില്ല. രണ്ട് സഭകൾ മാത്രമാണ് ദൈവസഭയ്ക്ക് ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ ദൈവകൃപയാൽ ഇപ്പോൾ സാഗരിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ച് പ്രവർത്തനങ്ങൾ ദൈവസഭയ്ക്കുണ്ടായി.

പാ. ഡാനിയേൽ മസി, മുന്നാലാൽ ജാത്താവ്ർ, രാംകുമാർ അഹിർവാർ, സഞ്ജയ് അഹിർവാർ, സുമേർ സിംഗ്, എന്നീ ദൈവദാസന്മാർ ഇവിടെ പ്രവർത്തിക്കുന്നു. ഈ സ്ഥലങ്ങൾ സന്ദർശിക്കുവാനും കൂട്ടായ്മകൾ നടത്തുവാനും ദൈവം അവസരങ്ങൾ നൽകി. ഇവിടുത്തെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിച്ചാലും.

ദീർഘദർശനമുള്ള നേതൃത്വവും ആത്മഭാരവും സമർപ്പണമവും ഉള്ള ദൈവദാസന്മാരും കണ്ണുനീരോടും ആത്മഭാരത്തോടും കൂടെ പ്രാർത്ഥിക്കുന്ന ദൈവജനവും ഒത്തു ചേർന്നാൽ ദൈവസഭകളുടെ എണ്ണം ഈ വർഷം അവസാനിക്കും മുമ്പേ 300 കവിയും. ആ വലിയ ലക്ഷ്യത്തിലെത്തുവാൻ ദൈവം സഹായിക്കട്ടെ.



ബ്രദർ കെ. കെ. പോൾ പ്രസംഗിക്കുന്നു, പരിഭാഷ പാ. ഇ. പി. സാംകുട്ടി

## (എഡിറ്റേറിയൽ ................................ തുടർച്ച

അവന്റെ സൌഖ്യത്തിന് കാരണമായി തീർന്നു. നമ്മുടെ താഴ്ചയിലാണ് ദൈവം നമ്മെ ഓർക്കുന്നത്. ''താഴ്ന്ന നിലത്തേനീരോടു അവിടെ ദൈവം തുണ ചെയ്യൂ'' എന്നുള്ള പണ്ഡിതവാക്യം നാം ഒരിക്കലും വിസ്മരിച്ചു കൂടാ.

ദോഷൈക ചിന്തകളും പാപപ്രവർത്തികളും നമ്മിൽ നിന്നും ദൈവം തീരെ ആഗ്രഹിക്കുന്നില്ല. മറ്റുള്ളവരുടെ നന്മയിൽ ഹൃദയപൂർവ്വം സന്തോഷിക്കുവാൻ നമുക്ക് എപ്പോഴും കഴിയണം. എനിക്കു കഴിയാത്തത് മറ്റൊരുവൻ ചെയ്യുമ്പോൾ അസൂയ ഉണ്ടാകരുത്. തടി കൊമ്പിൽ കോർത്ത് പൊക്കി എടുക്കുന്ന ആനയും ചുണ്ടിൽ അരി കടിച്ചെടുത്തുകൊണ്ട് നടന്നു നീങ്ങുന്ന ഉറുമ്പും വ്യത്യസ്ത മണ്ഡലങ്ങളിൽ കർമ്മ നിരതരാണ്. ഒന്നിന് കഴിയാത്തതിനെ മറ്റൊന്ന് ചെയ്യുന്നു. ഇത് അംഗീകരിക്കാനുള്ള മനസ് ഉണ്ടാകുമ്പോൾ ദോഷൈക ചിന്തകളും ആകായ്മയുടെ വിചാരങ്ങളും നമ്മെ വിട്ടു അകന്നു പോകും. ദോഷം നിരൂപിച്ച ബിലെയാമിന്റെ വഴി തടയുകയും യാക്കോബിനോടു ദോഷം ചെയ്യരുതെന്ന് ശക്തനെന്ന് സ്വയം അഭിമാനിക്കുന്ന ലാബാനോടു കൽപിക്കയും ചെയ്ത ദൈവം എല്ലാം കാണുന്നുണ്ട് എന്ന് ഓർത്തുകൊൾക.

കൂട്ടുകാരനെ നിസ്സാര എന്നു പറഞ്ഞാലോ അവൻ ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും എന്നും മൂഢാ എന്ന് പറഞ്ഞാലോ അഗ്നി നരകത്തിന് യോഗ്യനാകും എന്നും കർത്താവ് പറഞ്ഞിട്ടുണ്ട്. എത്ര എത്ര പ്രാവശ്യം നമ്മുടെ മിടുക്ക് കൂട്ടുവേലക്കാരനെ നിസ്സാരനാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഈ ശിക്ഷ ഇന്ന് കർത്താവ് നടപ്പാക്കിയാൽ നമ്മുടെ സ്ഥിതി തികച്ചും ദുഃഖകരം ആയിരിക്കും. അതുകൊണ്ട് എത്രയും വേഗം ക്രിസ്തുവിന്റെ ഭാവത്തിലേക്ക് നാം മടങ്ങി വരികയാണ് വേണ്ടത്. നമ്മുടെ ദൃഷ്ടിയിൽ നിസ്സാരമായി തോന്നുന്നതുപോലും ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ശിശുക്കൾ പക്വത പ്രാപിക്കേണ്ടവർ എങ്കിലും ജ്ഞാനികൾക്കും വിവേകികൾക്കും മറഞ്ഞിരിക്കുന്നത് ശിശുക്കൾക്ക് വെളിപ്പെട്ടതായി നാം വായിക്കുന്നു. പത്തു മക്കളെ പ്രസവിച്ചു എന്ന് പെനീന്നായ്ക്ക് അഭിമാനിക്കാം എങ്കിലും അതിൽ യിസ്രായേലിലെ പ്രാവചനാകേണ്ട ശമുവേൽ ഇല്ലായിരുന്നു എന്നറിയുന്നത് നല്ലതാണ്. നേട്ടങ്ങൾ വളരെ കൊയ്തു കൂട്ടിയെങ്കിലും അതിൽ ദൈവത്തിന് കൊള്ളാവുന്നത് വല്ലതും ഉണ്ടോ എന്ന് അന്വേഷിക്കുന്നത് ഉചിതമാണ്. നിന്ദയുടെയും അപമാനത്തിന്റെയും വറചട്ടിയിൽ വെന്തു പൊരിയുമ്പോഴും ശമുവേലിന് ജന്മം നൽകുവാൻ ദൈവം ഹന്നായെയാണ് കണ്ടിരുന്നത്. ദൈവത്തിന്റെ കാര്യപരിപാടിയിൽ ഉൾപ്പെട്ടവളെയാണ് നിന്ദിക്കുന്നതെന്ന് പെന്നിന്ന അറിഞ്ഞിരുന്നുവോ ആവോ? ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ടതിനെ നിന്ദിക്കുന്നത് ദൈവത്തെ നിന്ദിക്കുന്നതിന് തുല്യമാണ്. നമ്മുടെ ഇഷ്ടക്കേടുകൾ നമ്മുടെ മാത്രം ഇഷ്ടക്കേടാണ്. അത് നമ്മുടെ ആമാശയത്തിൽ ദഹനക്കേടുകൾ സൃഷ്ടിക്കും. അനന്തരമായി ഉണ്ടാകുന്ന പുളിച്ചു തികട്ടലുകൾ മറ്റുള്ളവരേക്കാൾ അധികം നമുക്കു തന്നെ അസ്സഹനീയമായിരിക്കും. അതുകൊണ്ട് ഒന്നിനെയും നിന്ദിക്കുകയോ നിസ്സാരമായി കാണുകയോ ചെയ്യരുത്. മറ്റുള്ളവരുടെ കുറവുകളോട് അസഹിഷ്ണുത പുലർത്താതെ യാഥാർത്ഥ്യ ബോധത്തോടെ പെരുമാറാൻ നാം ശീലിക്കേണ്ടതാണ്.

•

## ചർച്ച് ഓഫ് ഗോഡ് പൂനെ മലയാളം ഡിസ്ട്രിക്റ്റ് ബൈബിൾ ക്ലാസും സംയുക്ത ആരാധനയും




**പൂനെ :** പൂനെ മലയാളം ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ ക്ലാസും സംയുക്ത ആരാധനയും അനുഗ്രഹമായി നടന്നു. ഒക്ടോബർ 14 ശനിയാഴ്ച രാവിലെ 10 -1 വരെയും വൈകിട്ട് 6.30 മുതൽ 9 മണിവരെയും പിമ്പ്രി ഗിലെയാദ് ഭവനിൽ വെച്ച് നടന്ന ബൈബിൾ ക്ലാസിൽ ഫിലിപ്പ്യ ലേഖനത്തെ ആസ്പദമാക്കി റിജിയണൽ ഓവർസീയർ പാ. ബെന്നിസൻ മത്തായി ക്ലാസെടുത്തു. പാ. സി. കെ. ജോസ്മോൻ, പാ. ബിജു തങ്കച്ചൻ എന്നിവർ വിവിധ സെഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു.

ഞായറാഴ്ച രാവിലെ ഭോസരിയിലുള്ള ആഡിറ്റോറിയത്തിൽ വച്ച് സംയുക്ത ആരാധന നടന്നു. ഡി. സെക്രട്ടറി പാ. ബാബു തങ്കച്ചൻ അദ്ധ്യക്ഷനായിരുന്നു. ഇവാ. ഡയറക്ടർ പാ. ഇ. പി. സാംകുട്ടി വചനധ്യാനവും റീജിയണൽ ഓവർസീയർ പാ. ബെന്നിസൻ മത്തായി മുഖ്യസന്ദേശവും നൽകി. ഡി. പാസ്റ്റർ ജെയിംസ് ചാണ്ടി കർത്തൃമേശക്കും പാ. ബിജു തങ്കച്ചനും പിമ്പ്രി ചർച്ച് ക്വയർ ഗാനശുശ്രൂഷയ്ക്കും നേതൃത്വം നൽകി. ഡിസ്ട്രിക്റ്റിലെ പാസ്റ്റർമാരായ ബെഞ്ചി മാത്യൂ, ജോസ്മോൻ സി. കെ., ഷിബു ബേബി എന്നിവർ പ്രാർത്ഥനയിൽ സഹായിച്ചു.

ഡി. വൈ.പി.ഇ.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബൈബിൾ ക്വിസിൽ വിജയികളായവർക്കും പത്തിലും പന്ത്രണ്ടിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിച്ചവർക്കും ഉള്ള അവാർഡുകൾ പാ. ബെന്നിസൻ മത്തായി, പാ. ഇ. പി. സാംകുട്ടി എന്നിവർ നിർവ്വഹിച്ചു. പാ. ബിജു തങ്കച്ചൻ യൂത്ത് പ്രസിഡണ്ടായും, ബ്ര. ജിനു ജേക്കബ് സെക്രട്ടറിയായും ബ്ര. സജു അച്ചൻകുഞ്ഞ് ട്രഷററായും പ്രവർത്തിക്കുന്നു.

പാ. പി. സി. തോമസിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ മീറ്റിംഗ് സമംഗളം പര്യവസാനിച്ചു.

## യൂത്ത് ക്യാമ്പ് സമാപിച്ചു.......... തുടർച്ച

ക്ത ആരാധനയ്ക്കും പാസ്റ്റർ ഇ. പി. സാംകുട്ടി (ഇവാ. ഡയറക്ടർ) അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ബെന്നിസൻ മത്തായി, പാസ്റ്റർ ഫിലിപ്പ് സാമുവേൽ എന്നിവർ മുഖ്യപ്രഭാഷണം നൽകി. ബ്രദർ പ്രെയ്സ് മത്തായിയുടെ നന്ദിപ്രകാശനത്തിനുശേഷം പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി ക്യാമ്പ് പര്യവസാനിച്ചു. യൂത്ത് ഡയറക്ടറോടൊപ്പം പ്രെയ്സ് മത്തായി (സെക്രട്ടറി), റോണി ജോൺ (ജോ. സെക്രട്ടറി), ആന്റോ ജോസ് (ട്രഷറർ), ബോർഡു മെമ്പേഴ്സ്, വിവിധ ഡിപ്പാർട്ടുമെന്ററുകൾ യൂത്ത് പ്രസിഡണ്ടുമാർ, വിശ്വാസി സമൂഹവും കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായാണ് അച്ചടക്കത്തോടും ആത്മചൈതന്യത്തോടും കൂടിയ ക്യാമ്പ് വിജയകരമായിത്തീർന്നത്.

# ദൈവത്തെ മറക്കുന്നവരേ ഇത് ഓർത്തുകൊൾവിൻ



ജോൺ വർഗീസ്, താഴത്തേടത്ത്,
അംബർനാഥ്.

**ആസാഫ്** എന്ന ദൈവദാസനെ അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളിൽ നിന്നും സങ്കീർത്തനപുസ്തകത്തിൽ 20:22 ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നതായി എഴുതപ്പെട്ടിരിക്കുന്നു. ദൈവത്തെ മറക്കുന്നവരേ ഇത് ഓർത്തുകൊൾവിൻ, വിടുവിപ്പാൻ ആരുമുണ്ടാകയില്ല.

ജീവനുള്ള ദൈവത്തെയോ ദൈവത്തിന്റെ വാക്കുകളെയോ മറന്നോ അഥവാ അനുസരിക്കാതെയോ നടക്കുന്നവർക്ക് ദൈവം ചില ശിക്ഷകൾ കൊടുത്തതായി വേദപുസ്തകത്തിൽ നമുക്കുവേണ്ടി എഴുതപ്പെട്ടിരിക്കുന്നതു കാണുവാൻ കഴിയും. എന്തിനുവേണ്ടി എഴുതിയിരിക്കുന്നുയെന്നു ചോദിച്ചാൽ നമ്മുടെ പൂർവ്വപിതാക്കന്മാർക്ക് ഉണ്ടായ ആ അനുഭവം എനിക്കും നിങ്ങൾക്കുമുണ്ടാകരുതേയെന്ന ആ നല്ല ആഗ്രഹത്തോട് നമ്മുടെ നന്മക്കുവേണ്ടിമാത്രം.

ആദ്യമായി കാണുന്ന വ്യക്തി (യെശ. 14:12) അവിടെ കാണുന്നു. അരുണോദയ പുത്രനായ ശുക്രാ നീ എങ്ങനെ ആകാശത്തുനിന്നും താഴെ വീണു. ജാതികളെ താഴ്ത്തിക്കളഞ്ഞവനെ നീ എങ്ങനെ വെട്ടേറ്റു നിലത്തുവീണു? ഈ അരുണോദയ പുത്രൻ അതായത് ലൂസിഫർ ഒരു സമയത്ത് ദൈവത്തോടുകൂടി നടന്നവൻ. എന്നാൽ അവന് ഒരു നിഗളം കയറിയപ്പോൾ തന്നോട് തന്നെ പറയുന്നു. ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും, ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നു വാഴും. ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും ഞാൻ അത്യുന്നതനോടു സമനാകും (യെശ. 14:13-14). ഈ അരുണോദയ പുത്രൻ അധികം നിഗളിച്ചപ്പോൾ ദൈവം അവനു കൊടുത്ത ശിക്ഷയാണ് അവനെ വെട്ടി ആകാശത്തുനിന്ന് നിലത്തിടേണ്ടി വന്നത്. ദൈവം എല്ലാത്തിനും എല്ലാവർക്കും ചില അതിർവരമ്പുകൾ തന്നിട്ടുണ്ട്. ആകയാൽ ദൈവത്തെയും ദൈവവാക്കുകളെയും മറക്കരുതേ. നാം ഈ ഭൂമിക്കു വളമായി തീരാതെ നമ്മുടെ പ്രയാണ കാലം വളരെ ഭയത്തോടെ കഴിക്കാം.

പാട്ടുകാരൻ പാടുന്നത്

ദൈവവവചനം ജീവനും ശക്തിയുമാകയാൽ

ആത്മരക്ഷയുണ്ടേവനും ഉള്ളത്തിൽ കൈക്കൊണ്ടാൽ

ആത്മമരണം മാറും നീതിയിൽ അവൻ വാഴും .. കേൾക്കുക നാം...

പിന്നീട് വേദപുസ്തകത്തിൽ കാണുന്നത് ആദ്യപിതാവായ ആദാം (ഉൽപ. 3:24). ഇങ്ങനെ മനുഷ്യനെ (ആദാമിനെ) ഇറക്കിക്കളഞ്ഞു. ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻ തൊട്ടത്തിനു കിഴക്കു കെരൂബുകളെ തിരിഞ്ഞു കൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിറുത്തി.

ദൈവമായ യഹോവയുടെ കാലൊച്ച കേൾക്കുമ്പോൾ ഓടിവന്നിരുന്ന ആദാമും ഹവ്വായും അനുസരണക്കേടു കാട്ടി. പാമ്പിന്റെ (സാത്താന്റെ) വശീകരണത്തിൽ വീണു പോയതിനാൽ ദൈവം അവരെ തോട്ടത്തിൽ നിന്നും ഇറക്കി വിട്ടിരിക്കുന്നു. ഇതിൽ നിന്നും നാം പഠിക്കേണ്ട ഒരു സത്യം അനുസരണക്കേടു കാണിച്ചാൽ നിങ്ങളും ദൈവസന്നിധിയിൽ നിന്നും പുറത്തുപോകേണ്ടി വരും, പുറത്താക്കും.

മൂന്നാമതായി കാണുന്നത് ദൈവത്തോടു മത്സരിച്ചിരുന്ന ഒരു രാജാവ് (പുറ. 14:28). അവിടെ ഇങ്ങനെ കാണുന്നു വെള്ളം മടങ്ങിവന്നു അവരുടെ പിന്നാലെ കടലിലേക്കു ചെന്നിരുന്ന രഥങ്ങളേയും കുതിരപ്പടയേയും ഫറവോന്റെ സൈന്യത്തെയും മുക്കിക്കളഞ്ഞു. അവരിൽ ഒരുത്തൻപോലും ശേഷിച്ചില്ല. ദൈവത്തെ മറന്ന് അഥവാ ദൈവവാക്കുകളെ കേൾക്കാതെയിരുന്നു മിസ്രയീം രാജാവിന്നു വന്ന ദൈവകോപം അവനുള്ള സകലത്തെയും ദൈവത്തിന്റെ കൽപനയാൽ കടൽ വന്ന് മൂടി - അവരെ നശിപ്പിക്കുന്നതായി കാണുന്നു. ഞാനും നിങ്ങളും ഇതിൽ നിന്നും ഗ്രഹിക്കേണ്ടത്. ദൈവജനത്തെ നശിപ്പിക്കുവാൻ ആരു നോക്കിയാലും ദൈവം അതു കണ്ടു. അടങ്ങിയിരിക്കയില്ല. ദൈവം അവരെയില്ലാതാക്കുന്നതായി കാണുന്നു. ദൈവവചനം സത്യമാണെന്ന് വിശ്വസിക്കുക.

നാലാമതായി ഒരു വ്യക്തിയെപ്പറ്റി വേദുപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് (ന്യായാ. 13:3-6). നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുവിക്കരുത്. അവൻ യിസ്രായേലിനെ ഫെലിസ്ത്യരുടെ കൈയിൽനിന്നും രക്ഷിപ്പാൻ തുടങ്ങും.

ഈ മനുഷ്യൻ ആദ്യസമയങ്ങളിൽ വചനം അനുസരിച്ചു നടന്നു. മുകളിൽ പറഞ്ഞ കാര്യങ്ങൾ കുറെ നിവർത്തിച്ചു. അവനെ അറിയപ്പെടുന്നത് ശിംശോൻ എന്നാണ്. ദൈവത്തെ അനസരിച്ചു നടന്ന അവസരങ്ങൾ പല നല്ല കാര്യങ്ങൾ ചെയ്തുവെങ്കിലും പിന്നീട് ദൈവത്തെ മറന്ന് അഥവാ ദൈവവചനത്തെ അനുസരിക്കാതെ വന്നപ്പോൾ അവനു വന്ന ദുരനുഭവങ്ങൾ വേദപുസ്തകത്തിൽ കാണുവാൻ കഴിയും. ഇതിന്റെ 16-ാം അദ്ധ്യായത്തിൽ 21-ൽ എഴുതിയിരിക്കുന്നത്. ഫെലിസ്ത്യരോ അവനെ പിടിച്ചു കണ്ണുകുത്തിപ്പൊട്ടിച്ചു ഗാസയിലേക്കു കൊണ്ടുപോയി ചെമ്പുചങ്ങല കൊണ്ടു ബന്ധിച്ചു. അവൻ കാരാഗൃഹത്തിൽ മാവുപൊടിച്ചു കൊണ്ടിരുന്നു. ശിംശോൻ ദൈവത്തെ അനുസരിച്ചപ്പോൾ എങ്ങനെയായിരുന്നു. ഒടുവിൽ ദൈവസന്നിധിയിൽ അവിശ്വസ്തത കാണിച്ചപ്പോൾ അവന്റെ അവസ്ഥ എന്തായി തീർന്നു. ദൈവത്തിനു വലിയവെരെന്നോ ചെറിയവനെന്നോ ഒരു വ്യത്യാസമില്ല. നമ്മൾ ദൈവീക വഴികളിൽ നടക്കുകയെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

ആദിമ സഭകളിൽ അന്നുണ്ടായിരുന്ന വിശ്വാസികൾ അവരവരുടെ മനസ്സോടെ അവർക്കുള്ള നിലങ്ങൾ വിറ്റു അന്നുള്ള അപ്പോസ്തലന്മാരുടെ പക്കൽ കൊണ്ട് ഏൽപ്പിക്കുന്ന ഒരു രീതി ഉണ്ടായിരുന്നു. യോസേഫ് എന്നൊരു ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റ് പണം കൊണ്ടുവന്ന് അപ്പോസ്തലന്മാരുടെ കാൽക്കൽ വെച്ചു (അ.പ്ര. 4:37). ഇത് കണ്ട് അനന്യാസ് എന്നു പേരുള്ള ഒരു പുരുഷൻ തന്റെ ഭാര്യയായ സഫീറയോടുകൂടെ ഒരു നിലം വിറ്റു. (അ. പ്ര. 4:1-3). ഭാര്യയുടെ അറിവോടെ വിലയിൽ കുറെ എടുത്തുവെച്ച് ഒരംശം കൊണ്ടുവന്ന് അപ്പോസ്തലന്മാരുടെ കാൽക്കൽ വെച്ചു. അപ്പോൾ പത്രോസ് അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്ത് വെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്തിന്. ഈ ഭാര്യയും ഭർത്താവും ചേർന്ന് ദൈവദാസന്മാരുടെ അടുക്കൽ വ്യാജം കാണിച്ചതിന്റെ അനന്തരഫലം അവർ രണ്ടുപേരും മരണത്തിന് അടിമയായി തീർന്നു. ഈ വിഷയം അന്നു ഉണ്ടായിരുന്ന എല്ലാവർക്കും യഹോവ ഭയമുണ്ടായിയെന്നാണ് വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നത്. ഈ വിഷയം എനിക്കും നിങ്ങൾക്കും പാഠമായിരിക്കട്ടെ.

ദൈവത്തോടു കൂടി സന്തോഷിക്കുന്നതിനു സൃഷ്ടിച്ച ആദാം ദൈവത്തിന്റെ വാക്ക് അനുസരിക്കാത്തതിന്റെ ഫലം അവനെ തോട്ടത്തിൽ നിന്നും ഇറക്കിവിട്ടു. അരുണോദയ പുത്രനായ ശുക്രൻ ദൈവത്തെപ്പോലെ ആകണമെന്ന് നിഗളിച്ചതിന്റെ അനുഭവം അവൻ വെട്ടേറ്റ് ആകാശത്തുനിന്നും നിലത്തുവീണു. ദൈവജനത്തെ നശിപ്പിപ്പാൻ പുറപ്പെട്ട ഫറവോൻ അവന്റെ സകലതും കടലിൽ മുങ്ങിപ്പോയി. ദൈവാത്മാവിനോട് വഞ്ചന കാട്ടിയ അനന്യാസും ഭാര്യയും തൽക്ഷണം മണ്ണിനിരയായി. ദൈവാത്മാവിനാൽ വിളിക്കപ്പെട്ട ശിംശോൻ ഒടുവിൽ ലോകത്തിനുമുമ്പിൽ നിന്ദാപാത്രമായി മാറിയത് നമ്മുടെ മുൻപിൻ നിൽക്കുന്നു.

ആകയാൽ മുകളിൽ കൊടുത്തിരിക്കുന്ന ഈ വ്യക്തികൾ നമുക്ക് ഒരു മുന്നറിയിപ്പായി കണ്ട് ദൈവത്തെയോ, ദൈവവചനത്തെയോ മറക്കാതെ ദൈവ ഇഷ്ടങ്ങൾ അറിഞ്ഞ് നല്ല പാതയിൽ നടക്കാം. അല്ലായെങ്കിൽ വിടുവിപ്പാൻ ആരുമുണ്ടാകയില്ല.

നമ്മുടെ ജീവകാലം വളരെ ഭയത്തോട് മുമ്പോട്ട് നയിക്കാം. നമ്മുടെ ദൈവം സ്നേഹവാനാണ്. എന്നാൽ അവൻ ദഹിപ്പിക്കുന്ന അഗ്നി കൂടിയാണെന്ന് ഓർക്കണം.

## VIKHROLIANS FOR INDIA

Vikhrrolians for India is burdened benevolent ground of youth of Vikhroli Church of God supporting a cause for pastors of Central West Region through their mission by reaching out through prayer and financial assistance. They envisioned Rev. Benison Mathai, Overseer of Central West Region of succoring pastors of this region with a final intent of not hampering their vision for winning souls. Vikhrolians for India aiming the vision "IGNITE THE LIGHT OF CHRIST TO ENSURE INDIA SHINE BRIGHT" stands as a pillar to sync as an encouraging token exclusively for pastors of this Region by giving educational support for their God gifted children to be in par excellence.

This vision unraveled aiding pastors serving in this region with the help of the ensuing nouvelle concepts of prayer 2.5 and purse 2.5.

Introducing prayer 2.5 ..... Hails each of you being a reviewer to pray for 2 minutes and 30 seconds time remembering this enduring mission. Pastors kindly implicate in your respective churches to ingnite it emphasizing - "Support this mission gravely in prayer and for the money that touches lives who are worthy serving for Our Saviour Jesus Christ".

Purse 2.5 ..... Piggy bank principle, though an old methodology can be of great saving for this cause. It is by ensuring yours "2 Rupees and 50 paise daily.". Surprising !! contribution of Rs. 1000/- will be the yearly collection.

*These concepts has been staged out and was a successful support for this region. As of today Rs. 1.65 Lakhs has been collected as date June 30, 2017. This has been responsibly handed over to our beloved Overseer clear as that as an assurance that even you contribution will reach such likely pastors serving in North India.*

A Call !!.. to you youngsters to take this initiative in this mission and ignite this light of Christ to ensure India Shines bright by introducing the implementation o these concept sin your respective churches as a cooperate call of God to be partakers in this mission as we sojourn together as pilgrims. A challenge that is a single local church can impact so much what then can our joint mission of all the churches be.

Word o God is the ready call of answer to your ? in mind now ....

Lamentations 2:11

"..... when little ones and infant sfaint in the streets of the city .... "

Lamentations 1:12

"is....... it nothing to you.....? all ye that pass by??"

*A famous quote to substantial your contemplation "If you have only a little ray of light, show out distinctly that you are for Him".... G. V. Wigram.*

These quotes are s strong call for each one of us to sojourn together. Your contribution are of at most value from far and wide and make this body Vikhrolians fro India enlarge by your confirmed regards through the implementation fo these concepts in your respective churches. This will ensure that it will provide comfort for the harvesters in the field through your valuable support and contribution and make this nation shine for Christ.

**Ignite the light of Christ to ensure India shines bright"**

## അറിയിപ്പ്

സദ്വാർത്ത പ്രസിദ്ധീകരണത്തിൽ താൽക്കാലികമായി ഉണ്ടായ കാലതാമസം വായനക്കാർ ക്ഷമിക്കും എന്നു കരുതുന്നു. തുടർന്നും ഏറ്റം മെച്ചമായ നിലയിൽ പത്രിക നിങ്ങളുടെ കൈകളിൽ എത്തിക്കുന്നതിന് എഡിറ്റോറിയൽ ബോർഡ് പ്രതിജ്ഞാബദ്ധമാണ്. സഹൃദയരുടെ സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു. സദ്വാർത്തയിൽ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്ന ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ എത്രയും വേഗത്തിൽ സദ്വാർത്താ ഓഫീസിൽ എത്തിക്കേണ്ടതാണ്.

– പത്രാധിപർ

## ചിക്കുവും ചിന്നുവും



# SADHWARTHA

For Private Circulation only.

P.O. Box No. 7213, Chembur, Mumbai 400071. Tel: 25251834
email : sadhwartha@gmail.com


# കോരശിന്റെ ഉണർത്തപ്പെട്ട മനസ്സും ഭാരത സുവിശേഷീകരണവും



പാസ്റ്റർ ബിജു തങ്കച്ചൻ
ചീഫ് എഡിറ്റർ

യിസ്രായേലിന്റെ ചരിത്രത്തിൽ വളരെ പ്രധാന്യം അർഹിക്കുന്ന ഒരു വിളംബരമാണ് കോരഹിന്റെ വിളംബരം (Edict of Cyrus) അടിമകളായി പ്രവാസത്തിൽ കടന്നുപോകേണ്ടി വന്ന യിസ്രായേൽ മക്കൾക്ക് അതിൽനിന്നും മടങ്ങിപ്പോരുവാൻ ജാതീയ രാജാവായ കോരശ് പുറപ്പെടുവിച്ച വിളംബരം (എസ്രാ. 1:1-4). ബി.സി. 538 ൽ പുറപ്പെടുവിട്ട ഈ വിളംബരത്തിന്റെ അടിസ്ഥാനത്തിലാണ് സെരുബാബേൽ, എസ്ര, നെഹമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഘട്ടത്തിലായി ജനം തങ്ങളുടെ ദേശത്തേക്ക് മടങ്ങിപ്പോന്നത്.

ദൈവം നൽകിയ നന്മകൾക്കും ഉപകാരങ്ങൾക്കും അനുസൃതമയായി ഉന്മേഷത്തോടും നല്ല ഹൃദയസന്തോഷത്തോടും കൂടെ ദൈവത്തെ സേവിക്കാഞ്ഞതു നിമിത്തം യിസ്രായേൽ മക്കൾക്ക് അടിമകളായി ബാബിലോണിലേക്ക് പോകേണ്ടിവന്നു. ഘട്ടം ഘട്ടമായി ജനത്തെ പ്രവാസത്തിലേക്ക് പിടിച്ചുകൊണ്ടുപോയി. ആത്മീകമായും ശാരീരികമായും മാനസീകമായു ക്ഷീണിതരായിത്തീർന്ന ജനത്തോട് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കാൻ യെഹസ്കേൽ, ദാനിയേൽ തുടങ്ങിയ പ്രവാചകന്മാരെ ദൈവം എഴുന്നേൽപിച്ചു. ഒരു നിശ്ചിത കാലഘട്ടത്തിനു ശേഷം തന്റെ ജനത്തിന് ഒരു വിടുതൽ ഉണ്ടാകുമെന്നും യെരുശലേമിന്റെ ശൂന്യാവസ്ഥ തീരും എന്നും നഷ്ടങ്ങളെ ലാഭമാക്കും എന്നും നീന്തിയിട്ടല്ലാതെ കടപ്പാൻ കഴിയാത്ത വിധത്തിലുള്ള ആത്മനദിയിലേക്ക് നയിക്കുമെന്നും പ്രവാചകന്മാരിലൂടെ ദൈവം അരുളിച്ചെയ്തു. മടങ്ങിപ്പോക്ക് (return) ആലയത്തിന്റെ പുനസ്ഥാപനം (Rebuilding of the temple) ആത്മീയ പുനസ്ഥാപനം (Spiritual restoration) ഇവയായിരുന്നു ഇവരോടുള്ള ദൈവീകഅരുളപ്പാടിന്റെ അന്തഃസത്ത. എസ്ര, നെഹമ്യാവ് എന്നീ പുസ്തകങ്ങളിൽ ദൈവത്തിന്റെ അരുളപ്പാടുകൾ നിവൃത്തിയായതായി രേഖപ്പെടുത്തിയിരിക്കുന്നു.

തിരുവായ്കൊണ്ട് അരുളിചെയ്യുകയും തൃക്കൈകൊണ്ട് നിവർത്തിക്കുകയും ചെയ്യുന്ന ദൈവം അതിനായി സാഹചര്യങ്ങളെ ഒരുക്കും. കോരശ് ഒരു ജാതീയ രാജാവാണ്. എന്നാൽ യഹോവയുടെ അരുളപ്പാടുകൾ നിവൃത്തിയാകേണ്ടതിന് അവന്റെ മനസ്സിനെ ദൈവം ഉണർത്തി. ദൈവം തന്റെ മനസിനെ ഉണർത്തിയപ്പോൾ അത് ചില തിരിച്ചറിവുകളിലേക്ക് അവനെ നടത്തി. യഥാർത്ഥ ആത്മീയ ഉണർവ്വുകൾ ഉണ്ടായിട്ടുള്ളിടത്തെല്ലാം ജനത്തിന് തിരിച്ചറിവുകൾ ഉണ്ടായിട്ടുണ്ട്.

എന്റെ അധീനതിയിൽ ഇപ്പോൾ ഉള്ളതെല്ലാം ദൈവം എനിക്ക് തന്നിരിക്കുന്നു. ഇതാണ് കേരെശിന്റെ മനസിനെ ദൈവം ഉണർത്തിയപ്പോൾ ആദ്യം താൻ തിരിച്ചറിഞ്ഞ്, എല്ലാം ദൈവം തന്നിരിക്കുന്നു എന്നു മാത്രമല്ല ദൈവത്തിനുവേണ്ടി പ്രവർത്തിപ്പാൻ എന്നോട് കൽപ്പിച്ചിരിക്കുന്നു.

ഇന്ന് നമുക്കുള്ളതെല്ലാം ദൈവം എനിക്ക് തന്നതാണ്. നാം അനുഭവിക്കുന്ന സകല നന്മകളും ദൈവത്തിന്റെ ദാനമാണ്. ദൈവം എല്ലാം തന്നു എന്നു മാത്രമല്ല ദൈവം തന്നതെല്ലാം എനിക്കും എന്റെ കുടുംബത്തിനും വേണ്ടി മാത്രമല്ല ദൈവരാജ്യത്തിന്റെ വ്യാപ്തിക്കാണെന്നുള്ള തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ലഭിച്ച നന്മകൾ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഉപയോഗിക്കണം. നമ്മുടെ അഭിവൃദ്ധി സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമാകണം.

കോരെശിന്റെ മനസ് ഉണർത്തപ്പെട്ടു. എല്ലാം ദൈവം തന്നിരിക്കുന്നു എന്നും അത് ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായിട്ട് ഉപയോഗിക്കണം എന്നും കോരെശ് തിരച്ചറിഞ്ഞു. അത് ഈ വിളംബരംത്തിലേക്ക് കൊണ്ടെത്തിച്ചു. തന്മൂലം യിസ്രായേലിന്റെ ചരിത്രത്തിൽ ദൈവീക പദ്ധതികൾ നിറവേറ്റപ്പെട്ടു.

ഭാരതസുവിശേഷീകരണം എന്ന മഹാദൗത്യത്തിന്റെ പൂർത്തീകരണത്തിനായി ചിലരുടെ മനസ്സുകൾ ഉണർത്തപ്പെടണം. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുകയും അത് ഭാരത സുവിശേഷീകരണത്തിനായി ഉപയോഗിക്കാനുള്ള മനസ്സ് ഉണ്ടാവുകയും ചെയ്യണം.

## പ്രൊഫസർ പോൾ രാജിന് നിയമനം ലഭിച്ചു



**മുംബൈ :** പെന്തെക്കോസ്തു സമൂഹത്തിൽ അഗ്രഗണ്യനും ഗോരെഗാവ് ദൈവസഭയിലെ സീനിയർ മെമ്പറുമായ പ്രൊഫസർ പോൾ രാജിന് പ്രിൻസിപ്പാൾ ഇൻചാർജായി നിയമനം ലഭിച്ചു. റിസ്‌വി കോളേജ് ഓഫ് സയൻസ്, ആർട്സ് ആൻഡ് കോമേഴ്സ് കോളേജിലാണ് നിയമനം ലഭിച്ചത്. അദ്ദേഹം അസോസിയേറ്റ് പ്രൊഫസറായി പ്രസ്തുത കോളേജിൽ പ്രവർത്തിച്ചുവരവെയാണ് പുതിയ സ്ഥാനകയറ്റം ലഭിച്ചത്. ജോലിയോടൊപ്പം മുംബൈയിലും ഗുജറാത്ത്, തമിഴ്നാട്, മദ്ധ്യപ്രദേശ് എന്നീ സ്റ്റേറ്റുകളിലും സുവിശേഷപ്രവർത്തനത്തിൽ താൻ സജീവമാണ്. സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററായും, വൈ.പി.ഇ, ഡിസ്ട്രിക്റ്റ് സെക്രട്ടറിയായും പ്രവർത്തിക്കുന്ന അദ്ദേഹം റീജനൽ യൂത്ത് പ്രസിദ്ധീകരണമായ ട്രെയിൽബ്ലെയ്സർ എന്ന മാസികയുടെ ചീഫ് എഡിറ്ററാണ്. പി.എച്ച്ഡി എടുക്കുന്നതിലുള്ള തിരക്കിലും ആത്മീക ശുശ്രൂഷകളിൽ സമയം കണ്ടെത്തുന്ന അദ്ദേഹത്തിന്റെ ഭാര്യ ലിസി പോൾ എല്ലാറ്റിനും താങ്ങും തണലുമായി ഒപ്പം ഉണ്ട്. മകൻ അമേരിക്കയിൽ എം. എസിന് പഠിക്കുന്നു. മകൾ ബി.പി.ടി . ഫൈനൽ ഇയറാണ്. പ്രൊഫസർ പോൾ രാജിന് സദ്വാർത്താ കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## പുതിയതായി നിയമനം ലഭിച്ചു



Pr. Philip K. Philip



Pr. P.C. Cherian

ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ സെട്രൽ വെസ്റ്റ് റീജിയൻ പ്രയർ കോഡിനേറ്ററായി പാസ്റ്റർ ഫിലിപ്പ് കെ. ഫിലിപ്പിനെ നിയമിച്ചു. ഉത്തര ഭാരതത്തിർ സുവിശേഷീകരണ ത്തിന് പ്രതിസന്ധികൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രാർത്ഥന ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത പരിഗണിച്ചാണ് പ്രയർ ഡിപ്പാർട്ടുമെന്റിന്റ രൂപീകരണവും പുതിയ നിയമനവും. ഒക്ടോബർ മാസം 11-ാം തിയതി കൂടിയ റീജനലൽ കൗൺസിലാണ് പുതിയ തീരുമാനം കൈക്കൊണ്ടത്. കാലാവധി രണ്ട് വർഷമാണ്. കൂടാതെ വെസ്റ്റേൺ ഡിസ്റ്റിക്റ്റിന്റെ (ഗുജറാത്ത്) ഡിസ്റ്റിക്റ്റ് പാസ്റ്ററായി പി. സി. ചെറിയാനെയും നിയമിച്ചു. ഡിസ്റ്റിക്റ്റ് പാസ്റ്ററായി പ്രവർത്തിച്ചിരുന്ന പാസ്റ്റർ വി. റ്റി. ഏബ്രഹാമിന്റെ ദേഹവിയോഗത്തിൽ ഉണ്ടായ ഒഴിവിലേക്കാണ് റിജനൽ കൗൺസിൽ പാസ്റ്റർ പി. സി. ചെറിയാനെ ചുമതലപ്പെടുത്തിയത്. പുതിയ നിയമനം വിജയകരമായി നിർവഹിക്കുന്നതിന് കർത്തൃദാസന്മാരുടേയും വിശ്വാസി സമൂഹത്തിന്റെയും പ്രർത്ഥനയും സഹകരണവും കർത്തൃദാസന്മാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## ഉപവാസ പ്രാർത്ഥനയും സംയുക്ത ആരാധനയും

ചർച്ച് ഒഫ് ഗോഡ് മുംബൈ ഈസ്റ്റേൺ ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ഒരാഴ്ചനീണ്ടു നിന്ന ഉപവാസ പ്രാർത്ഥനയും സംയുക്ത ആരാധനയും നടന്നു. ഒക്ടോബർ മാസം 16 മുതൽ ആരംഭിച്ച ഉപവാസ പ്രാർത്ഥന 22-ാം തിയതി നടന്ന സംയുക്ത ആരാധനയോടെ സമാപിച്ചു. ഉപവാസ പ്രാർത്ഥന ഡിസ്ട്രിക്റ്റിൽ ഉൾപ്പെട്ട സഭകളിൽ വച്ചും സംയുക്ത ആരാധന കല്യാണിലുള്ള കർപേ ഹാളിലും നടന്നു. പ്രസ്തുത യോഗങ്ങളിൽ ഷാജി എം പോൾ (കേരളം) മുഖ്യ പ്രഭാഷകനായിരുന്നു. ഇരുപത്തി രണ്ടാം തിയതി ഡിസ്ട്രിക്റ്റ് പാസ്റ്റർ ജോൺ സി. മുട്ടുവേലിയുടെ അദ്ധ്യക്ഷതയിൽ നടന്ന സംയുക്ത ആരാധനയിൽ ഏകദേശം 450 പേർ സംബന്ധിച്ചു.

## ഗോസ്പൽ ഫെസ്റ്റ് – 2017

**അഹമ്മദാബാദ് :** ഇന്ത്യാ പുർണ്ണ ദൈവസഭാ അഹമ്മാദാബാദ് സിറ്റി ചർച്ചിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 9, 10 തീയതികളിൽ അഹമ്മദാബാദ് മെഡിക്കൽ അസോസിയേഷൻ ഹാളിൽ സുവിശേഷ യോഗങ്ങൾ നടന്നു. 9-ാം തീയതി പാസ്റ്റർ ഇ. പി. സാംകുട്ടി (ഇവാ. ഡയറക്ടർ) ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ പാസ്റ്റർ സതീഷ് കുമാർ - ഡാളസ് ദൈവവചനം സംസാരിച്ചു. പാസ്റ്റർ ഷിബു മാത്യു നേതൃത്വം നൽകിയ മീറ്റിംഗിൽ ദൈസഭ ക്വയർ ഗാനങ്ങൾ ആലപിച്ചു.

**സദ്വാർത്ത**
**ഒരു ശുശ്രൂഷയാണ്**
**പ്രാർത്ഥിക്കുക, സഹകരിക്കുക**

## YPE REGIONAL BIBLE QUIZ - 2017 WINNERS

### AGE GROUP : ABOVE 45 YEARS



Annamma Alex
1st Prize



Elizabeth Joy
2nd Prize



Mable Sunil
3rd Prize

### AGE GROUP : BELOW 45 YEARS



Annie Mathew
1st Prize



Sheba Ramachandran
2nd Prize



Suma John
3rd Prize


Printed & Published by : CHURCH OF GOD IN INDIA, Central West Region, Mumbai. Cheif Editor : Pastor Biju Thankachan
General Editor : Pastor P. T. Mathew. Email : sadhwartha@gmail.com Typesetting & Printing : R.R. Art Printers. Tel.: 2770 4725 Mobile : 9820 548 243